		രൂപ
14.	ശ്രീ. പി.കെ. വേലായുധൻ (മുൻ വികസനവകുപ്പുമന്ത്രിയും ഇപ്പോഴത്തെ ഗതാഗതവകുപ്പുമന്ത്രിയും)	19,335.45
15.	ശ്രീ. കെ.എം. മാണി (മുൻ ധനകാര്യവകുപ്പുമന്ത്രിയും ഇപ്പോഴത്തെ ജലസേചനവകുപ്പു മന്ത്രിയും)	8,299.00
16.	ശ്രീ. വയലാർ രവി (മുൻ ആഭ്യന്തരവകുപ്പുമന്ത്രി)	6,992.50
17.	ശ്രീ. ആർ. ബാലകൃഷ്ണപിള്ള (വിദ്യുച്ഛക്തി വകുപ്പു മന്ത്രി)	ഇല്ല
18.	ശ്രീ. രമേശ് ചെന്നിത്തല (ഗ്രാമവികസനവകുപ്പുമന്ത്രി)	ഇല്ല
19.	ശ്രീ. തച്ചടി പ്രഭാകരൻ (ധനകാര്യവകുപ്പുമന്ത്രി)	ഇല്ല

കഴിഞ്ഞ നിയമ[illegible]തിനുശേഷം മന്ത്രിമാർ നടത്തിയ ഡൽഹിയാത്ര

5 [6] ശ്രീ. സി.കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാന മന്ത്രിമാർ ഡൽഹിയാത്ര നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) ഓരോ മന്ത്രിയും ഡൽഹിയാത്ര നടത്തിയതിന്റെ ചെലവ് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ മുഖ്യമന്ത്രിയ്ക്ക് വിമാനകൂലിയിനത്തിൽ എന്തുതുക ചെലവായിട്ടുണ്ട്;

ഉത്തരം

(എ) ഉണ്ട്. കിട്ടിയിടത്തോളം വിവരം അനുസരിച്ച് ഏഴു പ്രാവശ്യം.

(ബി), (സി) വിവരം ശേഖരിച്ചുവരുന്നു.

1986-ൽ ഡൽഹിയാത്ര നടത്തിയ മന്ത്രിമാർ

6 [7] ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1983 ജനുവരി ഒന്നുമുതൽ 1986 ജൂൺ ഒന്നുവരെ ഡൽഹിയാത്ര നടത്തിയിട്ടുള്ള മന്ത്രിമാർ ആരെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ മന്ത്രിയുടേയും യാത്രക്കൂലിയിനത്തിൽ ചെലവായിട്ടുള്ള തുകയെത്ര;

(സി) സംസ്ഥാനമന്ത്രിമാരുടെ ആരുടെയെങ്കിലും ഡൽഹിയാത്രയ്ക്കുള്ള ചെലവ് കേന്ദ്രഗവൺമെന്റ് വഹിച്ചിട്ടുണ്ടോ;

(ഡി) ഇക്കഴിഞ്ഞ മേയ് 24-ാം തീയതി ഏതെങ്കിലും മന്ത്രിമാർ ഡൽഹിയിൽ നിന്നും പ്രത്യേക വിമാനമാർഗ്ഗം കേരളത്തിലേക്ക് വരികയുണ്ടായോ; എങ്കിൽ ഏതെല്ലാം മന്ത്രിമാർ;

(ഇ) ആ ഇനത്തിലുള്ള വിമാനക്കൂലി എത്ര രൂപയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 1986 മേയ് 23-ാംതീയതി മുഖ്യമന്ത്രി ഡൽഹിയിൽ നിന്ന് പ്രത്യേക വിമാന മാർഗ്ഗം കേരളത്തിലേക്ക് വരികയുണ്ടായി.

(ഇ) ഈ ഇനത്തിൽ സംസ്ഥാനഗവൺമെന്റിനു യാതൊരു ചെലവും വന്നിട്ടില്ല.

മന്ത്രിമാരുടെ വിദേശപര്യടനം

7 [8] ശ്രീ. സി.കെ. തങ്കപ്പൻ:

,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്; ആരെല്ലാം;

(ബി) വിദേശപര്യടനം നടത്തിയ മന്ത്രിമാർക്കുവേണ്ടി സർക്കാർ ചെലവഴിച്ച സംഖ്യ എത്ര; ഓരോ മന്ത്രിക്കു എത്രവീതം?

(എ) 13 മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്. വിദേശയാത്ര നടത്തിയ മന്ത്രിമാരുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനു ശേഷം ടെലഫോൺ ചാർജ്ജിനത്തിൽ മന്ത്രിമാർക്ക് ചെലവായ തുക

8 [9] ശ്രീ. സി.കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം ടെലഫോൺ ചാർജ്ജിനത്തിൽ ഓരോ മന്ത്രിക്കും ചെലവായ സംഖ്യ എത്രവീതം?

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly